ശ്രീ. കല്ലട നാരായണൻ: പട്ടികജാതിയിൽപ്പെട്ട വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാരെ സ്യൂട്ടബിലിറ്റി ടെസ്റ്റിൽനിന്നും ഒഴിവാക്കാൻ നടപടിയെടുക്കാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അവർക്കിപ്പോഴും കൂടുതൽ അവസരം കൊടുക്കുകയാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കും അറിയാമല്ലോ. അങ്ങനെയുള്ള സൗജന്യങ്ങളൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളതല്ലാതെ ടെസ്റ്റിൽനിന്നും ഇനിയും ഒഴിവാക്കുക എന്നുള്ള നയം സ്വീകരിക്കാൻ കഴിയുമെന്നെനിക്കു തോന്നുന്നില്ല.

കോടതികൾ ഇല്ലാത്ത താലൂക്ക് ആസ്ഥാനങ്ങൾ

* 639 [696] ശ്രീ. എം. വി. മാണി:
,, പി. സി. ജോസഫ്:
ഡോ. ജോർജ് മാത്യു:

ശ്രീ. ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികൾ ഇല്ലാത്ത എത്ര താലൂക്ക് ആസ്ഥാനങ്ങൾ കേരളത്തിൽ ഉണ്ട്;

(ബി) ഒരു കോടതി സ്ഥാപിക്കുന്നതിന് കേസുകളുടെ എണ്ണം സംബന്ധിച്ച് നിബന്ധനകൾ വല്ലതുമുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തെല്ലാം;

(ഡി) കോടതികൾ ഇല്ലാത്ത താലൂക്ക് ആസ്ഥാനങ്ങളിൽ കോടതി തുടങ്ങുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) രണ്ട്.

(ബി) പ്രത്യേക നിബന്ധനകൾ ഇല്ല. എന്നാൽ കേസുകളുടെ ബാഹുല്യം കൂടെ പരിഗണിച്ചാണു പുതിയകോടതികൾ സ്ഥാപിക്കുന്നത്.

(സി) ഉദിക്കുന്നില്ല.

(ഡി) ഹൈക്കോടതിയുടെ അഭിപ്രായമാരാഞ്ഞതിനുശേഷം പരിഗണിക്കാം.

ശ്രീ. എം. വി. മാണി: രണ്ടു സ്ഥലത്താണ് കോടതികളില്ലെന്നു പറഞ്ഞത്. അത് എവിടെയെല്ലാമാണ്? മിനിമം എത്ര കേസുകളുണ്ടെങ്കിൽ കോടതി സ്ഥാപിക്കുമെന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. കെ. എം. മാണി: കുട്ടനാടും കോതമംഗലത്തുമാണ് ഇപ്പോൾ കോടതികളില്ലാത്തത്. കേസുകളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി മാത്രമല്ല കോടതികൾ സ്ഥാപിക്കുന്നത്. ഒരു പ്രദേശത്തുനിന്നും ഫയൽ ചെയ്യുന്ന കേസുകളുടെഎണ്ണം, ഒരു കോടതിയിൽനിന്നു മറ്റൊരു കോടതിയിലേക്കുള്ള ദൂരം, ബഹുജനങ്ങളുടെ സൗകര്യം ഇങ്ങനെയുള്ള പലമാനണ്ഡങ്ങളും കണക്കിലെടുത്താണ് കോടതികൾ സ്ഥാപിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. മാണി: ഹൈക്കോടതിയുടെ അഭിപ്രായമാരായാമെന്നു പറഞ്ഞു. ഹൈക്കോടതി നിഷേധാത്മകമായ നിലപാട് സ്വീകരിച്ചാൽ ഗവൺമെന്റ് എന്തെങ്കിലുമൊരു പ്രത്യേകനയം സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: താലൂക്ക് ഹെഡ്കാർട്ടേഴ്സായ കോതമംഗലത്ത് ഒരു കോടതി സ്ഥാപിക്കണമെന്നാഗ്രഹിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അത് ഗവൺമെന്റ് പ്രപ്പോസുചെയ്യുകയും ചെയ്തു. എങ്കിലും അവിടെ സ്ഥാപിക്കേണ്ടതില്ലെന്നാണ് ഹൈക്കോടതി അഭിപ്രായപ്പെട്ടത്. ഹൈക്കോടതിയിൽനിന്നും മറിച്ച് ഒരു ശുപാർശ വരാതെ ഈ കാര്യത്തിൽ ഗവൺമെന്റിന് ഫൈനലായ തീരുമാനമെടുക്കാൻ കഴിയുകയില്ല. എങ്കിലും ആവശ്യകത പരിഗണിച്ച് ഗവൺമെന്റിന് വീണ്ടും ഈ കാര്യം ഹൈക്കോടതിയിലേക്കു മൂവുചെയ്യാവുന്നതാണ്.

ശ്രീ. പി. സി. ജോസഫ്: നിയമം നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ ഏതെല്ലാം താലൂക്കുകളിൽ പുതുതായി സബ്കോടതി ആരംഭിക്കുന്നതിനെക്കുറിച്ചാലോചിച്ചിട്ടുണ്ട്? മൂവാറ്റുപുഴയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അവിടെ ഒരു സബ്കോടതി സ്ഥാപിക്കുന്നകാര്യം അനുകമ്പാപൂർവ്വം പരിഗണിക്കുമോ?

ശ്രീ. കെ. എം. മാണി: അതു പരിശോധിക്കാമെന്നുള്ളതല്ലാതെ ഒരു അഷ്വറൻസ് തരാൻ കഴിയുകയില്ല.

ഡോ. ജോർജ്മാത്യു: പത്തനംതിട്ട ബാർ കൗൺസിൽ അടുത്തദിവസം ബഹുമാനപ്പെട്ട മന്ത്രിയെക്കണ്ട് ഒരു അഡീഷണൽ സെഷൻസ്കോർട്ട് വേണമെന്നു നിവേദനം തന്നിട്ടുണ്ടോ? ശബരിമല വരെയുള്ളമേഖലക്ക് കൊല്ലത്തു പോയി കേസ് നടത്തുന്നതിനുള്ള ബുദ്ധിമുട്ടും ആ ഭാഗത്തുള്ള കേസുകളുടെ ബാഹുല്യവും കണക്കിലെടുത്ത് ഈ അഡീഷണൽ സെഷൻസ് കോടതി ഈ സ്ഥലത്തു സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് അടിയന്തിരമായി പരിഗണിക്കുമോ?

ശ്രീ. കെ. എം. മാണി: അങ്ങനെയുള്ള കാര്യത്തെക്കുറിച്ചൊന്നും ഒറ്റവാക്കിൽ മറുപടി പറയാൻ സാധിക്കുകയില്ല. ഗവൺമെന്റിന് അതിൽ എതിരഭിപ്രായമൊന്നുമില്ല. അതു പരിശോധിക്കുകയും ഹൈക്കോടതിയുടെ അഭിപ്രായമാരായുകയും ചെയ്യാം.

ശ്രീ. ഈപ്പൻ കണ്ടക്കുടി: അമ്പലപ്പുഴ കോടതിയിലാണ് കുട്ടനാട് നിവാസികളം കേസു നടത്തുന്നതിനുവേണ്ടിപോകുന്നത്. അതുകൊണ്ട് കുട്ടനാട് ആസ്ഥാനമാക്കി ഒരു കോടതി തുറക്കുന്നതിനു ഗവൺമെന്റ് ഹൈക്കോടതിയോടു ശുപാർശചെയ്യുമോ?

ശ്രീ. കെ. എം. മാണി: കേരളത്തിലെ രണ്ടു താലൂക്ക്ഹെഡ്കാർട്ടേഴ്സുകളിൽ മാത്രം കോടതികളില്ലെന്നുള്ളതു പരിഗണിച്ചും കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത പരിഗണിച്ചും അവിടെ ഒരു കോടതി വേണമെന്നുള്ളതിൽ ഗവൺമെന്റിന് എതിരഭിപ്രായമില്ല. ഈ കാര്യം ആലോചിച്ചുകൊണ്ട് ഹൈക്കോടതിയുടെ അഭിപ്രായം വാങ്ങിക്കൊണ്ട് വേണ്ടനടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കോടതികളിൽ ധാരാളം കേസുകൾ കെട്ടിക്കിടക്കുന്നു എന്നും ധാരാളം ഡിലേവരുന്നു എന്നും ഉള്ളതുകൊണ്ട് അതിനൊരു പോംവഴിയായി കേന്ദ്രഗവൺമെൻറ് നിർദ്ദേശിച്ചതായി പത്രത്തിൽ വാർത്ത വന്നത് കൂടുതൽ ജഡ്ജിമാരെ നിയമിക്കുകയും കൂടുതൽ സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിക്കുകയും ചെയ്യുക എന്നതാണ്. അതിൻെറ അടിസ്ഥാനത്തിൽ ഈ കേസുകൾ വേഗം തീർക്കത്തക്കവണ്ണം ആവശ്യമായ കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. എം മാണി: കോടതികൾ കൂടുതലാവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കാം. പരിശോധിക്കാം, അടുത്തകാലത്ത് ഹൈക്കോടതിയിൽനിന്നും ചില നിർദ്ദേശങ്ങൾ തന്നിട്ടുണ്ട്; എതാനും സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിക്കുന്നതിനെപ്പറ്റി. അങ്ങനെ ഹൈക്കോടതി റെക്കമെൻറു ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ കോടതി സ്ഥാപിക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെൻറ് ആദ്യമായി ചിന്തിക്കുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: കണ്ണൂരും തളിപ്പറമ്പിലും ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി സ്ഥാപിക്കുന്ന കാര്യം ഹൈക്കോടതിതന്നെ ശുപാർശ ചെയ്തു എന്നാണ് കേൾക്കുന്നത്. അങ്ങനെയാണെങ്കിൽ അത് വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? തളിപ്പറമ്പിൽ ഒരു സബ് കോടതി സ്ഥാപിക്കുന്ന കാര്യംകൂടി ആലോചിക്കുമോ?

ശ്രീ. കെ. എം. മാണി: ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ ഇതൊക്കെയാണ്:

Following are the proposals pending in the Government:

Additional Sub Court: Parur

Judicial First Class Magistrate: Cannanore, Thalipparamba, Manjeri, Irinjalakuda, Ambalapuzha, Vaikam, Thamarasseri, Parur, Crangannore, Vadakkencheri

Additional Judicial First Class Magistrate Court: Ernakulam

Second Class Magistrate Court: Payyannur, Parappanangadi, Cochin, Erattupettah.

പ്രപ്പോസൽസ് പെൻറിംഗ് ആണ്. ഇവ ഓരോന്നിനെപ്പറ്റിയും തീരുമാനമെടുക്കണം. തളിപ്പറമ്പിൽ കോടതി സ്ഥാപിക്കുന്നകാര്യം ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് പ്രപ്പോസ് ചെയ്തത് അംഗീകരവും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി കൗൺസിൽ ഫോർമലായിട്ടുള്ള തീരുമാനമെടുക്കണം. കണ്ണൂരിലെ കാര്യവും പരിഗണിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. എം. കെ. കേശവൻ: സർ, മുമ്പ് ഒരു സബ് കോടതിയും ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയും വൈക്കത്തുണ്ടായിരുന്നു. ഇത് രണ്ടും നിറുത്തൽ ചെയ്തതിൻെറ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട മന്ത്രി വായിച്ച കൂട്ടത്തിൽ ഹൈക്കോടതി ശുപാർശചെയ്തിട്ടുള്ള ലിസ്റ്റിൽ വൈക്കവും ഉൾപ്പെടുന്നതുകൊണ്ടും അത് ഉടനെ അവിടെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഞാൻ പറഞ്ഞുകഴിഞ്ഞു. അതേപ്പറ്റിയുള്ള കാര്യങ്ങൾ നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇന്ന് അഡിഷണൽ ഡിസ്ട്രിക്ട് കോടതിയും അഡീഷണൽ കോടതിയുമെല്ലാം കൂടുതൽ സ്ഥാപിക്കുന്നത് ജില്ലാ തലസ്ഥാനങ്ങളിലാണ്. ഉദാഹരണത്തിന് അഡിഷണൽ സെഷൻസ് ജഡ്ജിയുടെ കോടതി കൊല്ലത്ത് സ്ഥാപിച്ചു. ഇതിനു പകരമായി ഈ താലൂക്ക് ഹെഡ് കാർട്ടേഴ്സുകളിലും ഒന്നോ രണ്ടോ താലൂക്കുകൾക്കുവേണ്ടിയുള്ള സബ് കോടതിയുടെ സ്റ്റാൻഡേർഡ് ആയിട്ടുള്ള കോടതികൾ സ്ഥാപിക്കുമോ? കോടതികൾ ഉള്ള സ്ഥലങ്ങളിൽ കൂടുതൽ കൂടുതൽ കോടതികൾ സ്ഥാപിക്കാതെയിരിക്കുന്ന നയം സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: നയത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഗവൺമെൻറ് മാത്രമല്ല, ഹൈക്കോടതികൂടി ആലോചിക്കേണ്ട വിഷയമാണ്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായ്: പയ്യന്നൂരിൽ ഒരു മജിസ്ട്രേട്ട് കോടതി നിലവിലുണ്ടായിരുന്നത് എടുത്തുകൊണ്ടുപോയി നാലു കൊല്ലമായി. അത് അവിടെ സ്ഥാപിക്കണമെന്ന് ഹൈക്കോടതി സമ്മതിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ വേഗത്തിൽ സ്ഥാപിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ഹൈക്കോടതി ഇന്നയിടത്ത് കോടതി സ്ഥാപിക്കണമെന്നു പറഞ്ഞതുകൊണ്ട്, ഗവൺമെൻറ് അത് പെട്ടെന്ന് സ്ഥാപിച്ചു എന്നു വരികില്ല. സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നു വേണം തീരുമാനം എടുക്കാൻ. എന്തായാലും ഈ ലിസ്റ്റിൽപെട്ട കോടതികളെ സംബന്ധിച്ചിടത്തോളം താമസിയാതെ ആ കാര്യങ്ങൾ പ്രോഗ്രസ് ചെയ്യിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി പറവൂരിലെ കാര്യം പറഞ്ഞു. ധാരാളം കേസുകൾ വളരെക്കാലമായി കെട്ടിക്കിടക്കുന്ന ഒരു കോടതിയാണ് അവിടെയുള്ളത്. അതുകൊണ്ട് അഡിഷണൽ സബ് കോർട്ട് കഴിയുന്നതും വേഗത്തിൽ സ്ഥാപിക്കാനുള്ള നടപടി എടുക്കുമോ?

ശ്രീ. കെ. എം. മാണി: അതിൻറെയൊക്കെ അടിസ്ഥാനത്തിലാണല്ലോ ഞാൻ ലിസ്റ്റ് വായിച്ചിട്ടുള്ളത്.

ശ്രീ. സി. എ. കുര്യൻ: ബഹുമാനപ്പെട്ട മന്ത്രി പുതുതായി കോടതികൾ ആരംഭിക്കാൻ പോകുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് വായിച്ചു. ഇടുക്കി ജില്ലയിൽ സെഷൻസ് കോടതികൾ ഇല്ലെന്ന വസ്തുത ഹൈക്കോടതിയുടെ ശ്രദ്ധയിൽപെടുത്തുമോ?

ശ്രീ. കെ. എം. മാണി: ഇടുക്കി ജില്ലയിൽ ആവശ്യത്തിനു കോടതികൾ ഇല്ലെന്നുള്ളത് പരമാർത്ഥമാണ്. അത് ഹൈക്കോടതിയുടെ ശ്രദ്ധയിൽപെടുത്തിയിരിക്കുന്നതാണ്. തീർച്ചയായും ഗവൺമെൻറ് അനുഭാവപൂർവ്വം ആലോചിക്കുന്നതാണ്.

ശ്രീ. വി. ടി. സെബാസ്റ്റ്യൻ: സിവിൽ കേസുകൾ തീർച്ച ചെയ്യുന്നതിന് ഇന്ന് വളരെ കാലതാമസം ഉണ്ടാകുന്നുണ്ട്. നമ്മുടെ ആ ഭാഗത്ത് 520 കേസുകൾ കിടപ്പുണ്ട്. കാരണം സിവിൽക്കോടതികളുടെ കുറവാണ്. അത് പരിഗണിച്ച് ഇന്നുള്ള മജിസ്ട്രേറ്റു കോടതികളോടനുബന്ധിച്ച് മുൻസിഫ് കോടതികൾകൂടി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, കോടതികളുടെ എണ്ണം കുറഞ്ഞതു കൊണ്ട് വളരെയധികം കേസുകളും പെൻഡിംഗ് ആയിട്ടുണ്ട്. പറഞ്ഞ നിർദ്ദേശം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എം. ചടയൻ ഗോവിന്ദൻ: കണ്ണൂരിൽ വളരെക്കാലമായി പ്രവർത്തിച്ചിരുന്ന അഡീഷണൽ മുൻസിഫ് കോടതി നിറുത്തൽ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? ആ തീരുമാനത്തിനെതിരായി വല്ല നിവേദനവും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ? ആ തീരുമാനം റദ്ദ് ചെയ്യാൻ ഗവൺമെന്റ് നടപടിയെടുക്കുമോ?

ശ്രീ. കെ. എം. മാണി: അതിനു പ്രത്യേകം നോട്ടീസ് വേണം.

നക്സലൈറ്റ് തടവുകാരെ മോചിപ്പിക്കുന്നതു സംബന്ധിച്ച കേന്ദ്ര നിർദ്ദേശം

*640 [697] ശ്രീ. എം. കെ. കൃഷ്ണൻ:
,, എം. വി. രാഘവൻ:
,, എൻ. സുബ്രഹ്മണ്യ ഷേണായ്:
,, കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽവാസം അനുഭവിക്കുന്ന നക്സലൈറ്റ് തടവുകാരെ മോചിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് ആ നിർദ്ദേശമെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ 1977 ജൂലൈ മാസത്തിൽ സംസ്ഥാനത്തെ ജയിലുകളിൽനിന്നും 20 നക്സലൈറ്റുകളെ മോചിപ്പിച്ചത്;

(ഡി) ആണെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇനിയുള്ള നക്സലൈറ്റ് തടവുകാരെ മോചിപ്പിക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) (1) വിചാരണയിൽ കഴിയുന്നവരും അഞ്ചോ അതിലധികമോ വർഷം കസ്റ്റഡിയിൽ കഴിയുന്നവരും എന്നാൽ ഗുരുതരമായ കേസ്സുകളിൽപെട്ടിട്ടില്ലാത്തവരും ആയവരെ, അവർ വിപ്ലവമാർഗ്ഗം കൈവെടിഞ്ഞ് ജനാധിപത്യ മാർഗ്ഗത്തിലേക്ക് മടങ്ങുന്നുവെന്ന് പ്രതിജ്ഞ നൽകുന്നപക്ഷം അവരുടെ പേരിൽ ഉള്ള കേസുകളും പരിശോധിച്ച് വിട്ടയക്കാമോ എന്നും.

(2) കേസിൽ ശിക്ഷിക്കപ്പെട്ട് അഞ്ച് കൊല്ലമോ അതിലധികമോ കാലം തടവിൽ കഴിയുന്നവരെ മേൽപ്പറഞ്ഞതുപോലുള്ള പ്രതിജ്ഞാപത്രത്തിന് വിധേയമായി അവരുടെ ശിക്ഷ ഇളവുചെയ്ത് വിട്ടയയ്ക്കാമോ എന്നും പരിശോധിക്കണമെന്നുള്ളതായിരുന്നു ആ നിർദ്ദേശങ്ങളുടെ ചുരുക്കം.

LIBRARY ARCHIVES Kerala Legislative Assembly